# മഹാത്മാഗാന്ധി സർവ്വകലാശാല
## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ഡിസംബർ 21

# വാർത്താക്കുറിപ്പ്

## പരീക്ഷാ തീയതി

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് നടത്തുന്ന ഏഴാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. - എൽ.എൽ.ബി. (ഓണേഴ്സ്) - 2017 അഡ്മിഷൻ - റെഗുലർ/ 2016 അഡ്മിഷൻ - സപ്ലിമെൻററി) പരീക്ഷകൾ 2022 ജനുവരി നാലിന് ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ 22 വരെയും 525 രൂപ പിഴയോടു കൂടി ഡിസംബർ 23 നും 1050 രൂപ സൂപ്പർ ഫൈനോടു കൂടി ഡിസംബർ 24 നും അപേക്ഷിക്കാം. റെഗുലർ വിദ്യാർത്ഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമേ അടയ്ക്കണം.

(പി.ആർ.ഒ/39/1585/2021)

## കരാർ നിയമനം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കമ്പ്യൂട്ടർ ലാബ്-ഇൻ-ചാർജ് തസ്തികയിലെ രണ്ട് ഒഴിവുകളിലേയ്ക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. യോഗ്യത, അപേക്ഷിക്കേണ്ട രീതി മുതലായ വിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ (www.mgu.ac.in) ലഭ്യമാണ്.

(പി.ആർ.ഒ/39/1586/2021)

## നാമനിർദ്ദേശ പത്രികകൾ നാളെ (ഡിസംബർ 23) 2 മണി വരെ

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയൻ (2021-22) തെരഞ്ഞെടുപ്പിന്റെ അന്തിമ വോട്ടർപട്ടിക

സർവ്വകലാശാല ഓഫീസിലും ഔദ്യോഗിക വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചു. നാളെ (ഡിസംബർ 23) ഉച്ച കഴിഞ്ഞ് രണ്ട് മണി വരെ നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കാം.

(പി.ആർ.ഒ/39/1587/2021)

## പരീക്ഷാഫലം

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. സംസ്കൃതം (സ്പെഷ്യൽ സാഹിത്യ) പി.ജി.സി.എസ്.എസ്. റെഗുലർ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ ഫീസടച്ച് ജനുവരി നാല് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1588/2021)

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. സ്റ്റാറ്റിസ്റ്റിക്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ഒന്ന് വരെ ഓൺലൈനായി അപേക്ഷിക്കാം. പുനർ മൂല്യനിർണ്ണയത്തിന് 370 രൂപയും, സൂക്ഷ്മ പരിശോധനയ്ക്ക് 160 രൂപയും ഫീസടക്കണം.

(പി.ആർ.ഒ/39/1589/2021)

2021 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി. ബയോകെമിസ്ട്രി (സി.എസ്.എസ് - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും യഥാക്രമം 370 രൂപ, 160 രൂപ ഫസടച്ച് ജനുവരി അഞ്ച് വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1590/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ